**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 824** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>ജൽ ജീവൻ മിഷൻ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കാരായി രാജൻ

ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** ജൽ ജീവൻ മിഷൻ വഴി നടപ്പിലാക്കുന്ന പദ്ധതികളിൽ തലശ്ശേരി നിയോജക മണ്ഡലത്തിൽ ഏതൊക്കെ സ്ഥലങ്ങളിൽ ആണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്; ആയത് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** തലശ്ശേരി നിയോജക മണ്ഡലത്തിൽ ജൽ ജീവൻ മിഷൻ വഴി നടപ്പിലാക്കുന്ന പ്രവർത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ **<u>അനുബന്ധം</u>** ആയി ചേർക്കുന്നു.

**(ബി)** നിലവിൽ ജൽ ജീവൻ പദ്ധതിയുടെ ഭാഗമായി തലശ്ശേരി നിയോജക മണ്ഡലത്തിൽ എന്തൊക്കെ നടപടികൾ ആണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** തലശ്ശേരി നിയോജക മണ്ഡലത്തിലെ എരഞ്ഞോളി, കതിരൂർ പഞ്ചായത്തുകളിൽ പദ്ധതി പൂർത്തിയായി ഹർ ഘർ ജൽ പഞ്ചായത്തായി പ്രഖ്യാപിച്ചിട്ടുണ്ട്. മറ്റുള്ള പഞ്ചായത്തുകളിൽ ജൽ ജീവൻ മിഷൻ പദ്ധതിയിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികൾ, ഉല്പാദന ഘടകങ്ങൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ, റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികൾ എന്നിവ കൂടി നടപ്പിലാക്കി പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

| പഞ്ചായത്ത് | ആകെ ഗ്രാമീണ വീടുകൾ | JJM ന് മുൻപ് ഉണ്ടായിരുന്ന കണക്ഷൻ | ഭരണാനുമതി നൽകിയ കണക്ഷൻ | ഭരണാനുമതി തുക (ലക്ഷം) | JJM തുടങ്ങിയ ശേഷം നൽകിയ കണക്ഷൻ | നിലവിൽ മൊത്തം കണക്ഷൻ | ഇനി നൽകാനുള്ള കണക്ഷൻ |
|---|---|---|---|---|---|---|---|
| ചൊക്ളി | 6224 | 13 | 6211 | 10273.00 | 0 | 13 | 6211 |
| എരഞ്ഞോളി | 6155 | 1941 | 4193 | 899.00 | 4292 | 6233 | 0 |
| കതിരൂർ | 6989 | 2227 | 4762 | 1092.09 | 5303 | 7530 | 0 |
| ന്യൂ മാഹി | 3158 | 624 | 2534 | 3853.00 | 14 | 638 | 2520 |
| പന്ന്യന്നൂർ | 4950 | 352 | 4598 | 4929.86 | 239 | 591 | 4359 |
| **ആകെ** | **27476** | **5157** | **22298** | **21046.95** | **9848** | **15005** | **13090** |

| പഞ്ചായത്ത് | പുരോഗതി |
|---|---|
| കതിരൂർ | അധിക കണക്ഷനുകൾ ഉൾപ്പെടെ നൽകി പ്രവൃത്തികൾ പൂർത്തീകരിച്ചു. ഹർ ഘർ ജൽ പഞ്ചായത്തായി പ്രഖ്യാപിച്ചിട്ടുണ്ട് . |
| എരഞ്ഞോളി | ആവശ്യപ്പെട്ട മുഴുവൻ കണക്ഷനുകളും നൽകി പ്രവൃത്തികൾ പൂർത്തീകരിച്ചു. ഹർ ഘർ ജൽ പഞ്ചായത്തായി പ്രഖ്യാപിച്ചിട്ടുണ്ട് . |
| പന്ന്യന്നൂർ | 60% പ്രവൃത്തി പൂർത്തീകരിച്ചു . പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു . |
| ന്യൂ മാഹി | 60% പ്രവൃത്തി പൂർത്തീകരിച്ചു . ഉല്പാദന ഘടകങ്ങൾ അടക്കമുള്ള പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു . |
| ചൊക്ലി | 56% പ്രവൃത്തി പൂർത്തീകരിച്ചു . ഉല്പാദന ഘടകങ്ങൾ അടക്കമുള്ള പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു . |